# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെല്ലായ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPKD/P16-1305/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 26/10/2024
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലായ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPKD/P16-1305/24 തീയ്യതി: 26/10/2024

# പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2023 മുതൽ 14-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2024 | 27-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2024 | 27-08-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ
അനില.സി.എസ് - സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷീജ വി.ആർ- സീനിയർ ഗ്രേഡ് ഓഡിറ്റർ
മോഹനൻ കെ.എ- ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജേഷ്.കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ശ്രീകാന്ത്.വി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനുശ്രീ.സി.കെ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഉഷ പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.കൃഷ്ണകുമാർ എച്ച് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ശ്രീമതി.നിത്യാ രാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 15-05-2023 |
| ശ്രീ.അരുൺ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 16-05-2023 | 30-09-2023 |
| ശ്രീ.ഹൃഷികേശ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2023 | 19-10-2023 |
| ശ്രീ. ലിജി വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 20-10-2023 | 31-03-2024 |
| ശ്രീമതി പ്രസന്ന ടി.കെ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സരിത ടി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 19-07-2023 |
| ശ്രീ.പ്രശാന്ത് എൻ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-07-2023 | 31-03-2024 |
| ശ്രീ.ജയചന്ദ്രൻ.പി.കെ | വെറ്ററിനറി സർജൻ | 01-04-2023 | 11-06-2023 |
| ശ്രീ.ദീപക് ചന്ദ്രൻ | വെറ്ററിനറി സർജ്ജൻ | 12-06-2023 | 31-03-2024 |
| ഡോ. ടീന മറിയ ജോസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി - | 01-04-2023 | 01-07-2023 |
| ഡോ.ഹബീബ് റഹ്മാൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി - | 02-07-2023 | 23-08-2023 |

| | | | |
|---|---|---|---|
| ഡോ.ഫാരിസ് ഉണ്ണ്യാൻ.കെ.പി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി - | 24-08-2023 | 23-01-2024 |
| ഡോ.റിസ്വാന പി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി - | 24-01-2024 | 31-03-2024 |
| ശ്രീ.സനിൽ കുമാർ .എ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 13-07-2023 |
| ശ്രീമതി.ഷീജ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ (അധീഷണൽ ചാർജ്) | 14-07-2023 | 06-10-2023 |
| ശ്രീമതി.ബിന്ദു.ടി | അസിസ്റ്റന്റ് സെക്രട്ടറി (I/C) | 07-10-2023 | 26-12-2023 |
| ശ്രീ.ഉമ്മർ ഫാറൂഖ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 27-12-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് തുകകൾ ചെലവഴിക്കാത്തതിനാൽ നഷ്ടം | 1-4-1 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | അഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് | 1-11 |

| | | |
|---|---|---|
| 18 | അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് | 1-12 |
| 19 | വസ്തു നികുതി പരിഷ്കരണം | 1-13 |
| 20 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകങ്ങൾ | 1-14 |
| 21 | തൊഴിൽ നികുതി അപാകതകൾ | 1-15 |
| 22 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-16 |
| 23 | ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ് | 1-17 |
| 24 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-18 |
| 25 | ക്ലീൻ കേരള - അജൈവ മാലിന്യ വസ്തുക്കൾ ശേഖരിച്ചതിന്റെ വേ ബ്രിഡ്ജ് ബിൽ ഹാജരാക്കിയിട്ടില്ല | 1-19 |
| 26 | ബയോ കമ്പോസ്റ്റ് ബിൻ - വിതരണം നടത്താതെ അവശേഷിക്കുന്നു | 1-20 |
| 27 | നെൽവിത്ത് വിതരണം - അധിക തുക നൽകി | 1-21 |
| 28 | ആർദ്രം പദ്ധതി ഓണറേറിയം - നഴ്സിന് അധികം വേതനം അനുവദിച്ചിരിക്കുന്നു | 1-22 |
| 29 | IT എക്സ്പേർട്ടിന്റെ വേതനവിഹിതം - അധികം നൽകി | 1-23 |
| 30 | രജിസ്ട്രേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് | 1-24 |
| 31 | കോക്ലിയർ ഇംപ്ലാന്റേഷൻ തുടർചികിത്സാ ധനസഹായം - വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-25 |

| | | |
|---|---|---|
| 32 | അയ്യങ്കാളി സായാഹ്ന പഠനകേന്ദ്രം - പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ് | 1-26 |
| 33 | സാക്ഷരതാ തുല്യത പരീക്ഷ - മോണിറ്ററിംഗ് ഉണ്ടാവേണ്ടതാണ് | 1-27 |
| 34 | ടേക്ക് എ ബ്രേക്ക് - പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-28 |
| 35 | ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-28 |
| 36 | സമയപരിധിക്കകം കരാർ വച്ചില്ല | 1-29 |
| 37 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-30 |
| 38 | ഭരണസമിതി യോഗമിനുട്ട്സ് - ക്ലോസ് ചെയ്യുന്നതിൽ കാലതാമസം | 1-31 |
| 39 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ - അവലോകനം | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.6.24തീയതിയിലെ 1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും)25.6.24 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെല്ലായ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച്.2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും31.3.24 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ

തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു...

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,നെല്ലായ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,

തീയതി: 26-10-2024.

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല**

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3587894.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 19240954/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും അവസാനത്തിലുമാണ് ഡിമാന്റ് രേഖപ്പെടുത്തുന്നത്.

## 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തിയാക്കി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

## 1-2 ബജറ്റ്

21-03-2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിടുണ്ട്. 13.02.2024 ലെ ഭരണ സമിതി യോഗതീരുമാനനം. 2 പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 32230648 |
| തൻവർഷം വരവ് | 292022800 |
| ആകെ വരവ് | 324253448 |

| | |
|---|---|
| ചെലവ് | 300548300 |
| നീക്കിയിരിപ്പ് | 23705148 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32199186 |
| വരവ് | 75730319 |
| ആകെ | 107929505 |
| ചെലവ് | 56489365 |
| നീക്കിയിരിപ്പ് | 51440140 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4-1 ഗ്രാന്റ് തുകകൾ ചെലവഴിക്കാത്തതിനാൽ നഷ്ടം

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത

സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ചെയ്ത് ലഭ്യമാകുന്നത്. ആയതിനാൽ തൻവർഷത്തെ ഷോർട്ട് ഫോളായി ₹1,43,95,400/- 2025-26 സാമ്പത്തിക വർഷം നഷ്ടമാകുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് % | നീക്കിയിരിപ്പ് | ഷോർട്ട്ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - എസ്.സി.പി | 8689000 | 6248002 | 72 | 2440998 | 2440998-1737800= **703198** |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17468000 | 282198 | 2 | 17185802 | 17185802-3493600 = **13692202** |

ഗ്രാമപഞ്ചായത്തിന് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ ആവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (ACR) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 29528000 | 29528000 | 25287028 | 4240972 |
| വികസനഫണ്ട് - എസ്.സി.പി | 0 | 8689000 | 8689000 | 6248002 | 2440998 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 17468000 | 17468000 | 282198 | 17185802 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3174600 | 3174600 | 3009941 | 164659 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് -ഗ്രാന്റ്- ബാങ്ക് | 6121807 | 3667000 | 9788807 | 4336472 | 5452335 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ | 1098148 | 5215427 | 6313575 | 3713765 | 2599810 |

| ടൈഡ് ഗ്രാന്റ്-ബാങ്ക് | | | | | |
|---|---|---|---|---|---|

ദേശീയ തൊഴിലുറപ്പ് പദ്ധതി

| എം.എൻ. ആർ. ഇ. ജി.എസ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3034 | 1330342 | 1333376 | 1326565 | 6811 |
| തൊഴിലാളികളുടെ വേതനം | | 16733180 | 16733180 | 16733180 | |
| | 3034 | 18063522 | 18066556 | 18059745 | 6811 |

## കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 2290147 | 2314514 | 4604661 | 544417 | 4060244 |
| ശുചിത്വം | 3082733 | 0 | 3082733 | 0 | 3082733 |

## പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് | 168721 | 1144439 | 1313160 | 164946 | 1148214 |

| | | | | | |
|---|---|---|---|---|---|
| ഇൻഫ്രാസ്ട്രക്ചർ & -പലിശ | | | | | |
| ഹെൽത്ത് & വെൽനസ് ഗ്രാന്റ് | 118467 | 468341 | 586808 | 191166 | 395642 |
| സാക്ഷരത | 55322 | 0 | 55322 | 0 | 55322 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ % |
|---|---|---|---|---|
| 218 | 161362057 | 119 | 59051597 | 55 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്കുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്കുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 7023400 | 4418452 | 63 |
| വെറ്റിനറി സർജൻ | 10 | 10 | 12129400 | 8574977 | 71 |
| മെഡിക്കൽ ഓഫീസർ (PHC) | 12 | 11 | 6419106 | 4456605 | 69 |
| മെഡിക്കൽ ഓഫീസർ (ISM) | 5 | 4 | 1675000 | 1539774 | 92 |
| ICDS സൂപ്പർവൈവെസർ | 10 | 6 | 6463201 | 5291922 | 82 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 48 | 28 | 16200489 | 7338652 | 45 |
| VEO | 11 | 9 | 49757000 | 18052166 | 36 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 39 | 56840461 | 7538382 | 13 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1200000 | 845657 | 70 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 2 | 3654000 | 995010 | 27 |
| ആകെ | 218 | 119 | 161362057 | 59051597 | 37 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 119എണ്ണം (55%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 37% ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പു പദ്ധതി

| എം.എൻ. ആർ. ഇ. ജി.എസ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3034 | 1330342 | 1333376 | 1326565 | 6811 |
| തൊഴിലാളികളുടെ വേതനം | | 16733180 | 16733180 | 16733180 | |
| | 3034 | 18063522 | 18066556 | 18059745 | 6811 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2531200 | 214 |
| വിധവാപെൻഷൻ | 15786200 | 1448 |
| വാർദ്ധക്യകാലപെൻഷൻ | 35018700 | 3378 |
| വികലാംഗ പെൻഷൻ | 6638600 | 595 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 1202600 | 114 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-08-2024 തീയതിയിൽ 2.45 P.M. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4506/- (നാലായിരത്തി അഞ്ഞൂറ്റി ആറ്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2. മിനിട്ട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ILGMS മുഖേനയുള്ള ചെലവ് അക്കൗണ്ടിംഗിൽ ചെലവിനാധാരമായ രേഖകൾ സോഫ്റ്റ് വെയറിൽ അപലോഡ് ചെയ്യാത്തതിനാൽ കണക്കുകളിൽ അവ്യക്തതയുണ്ട്.

3.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല. ഡെപ്പോസിറ്റിലെ മുന്നിരിപ്പ് തുകകളുടെ വിവരം ലഭ്യവുമല്ല. രേഖകൾ പരിശോധിച്ച് രജിസ്റ്റർ കാലികമാക്കുകയും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

4.അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ, വാർഷിക പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

5.തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. വസ്തുനികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നു.

6. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനുമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല

7.വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഗ്രാന്റുകളിൽ വേണ്ടത്ര

ചെലവു പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വികസനഫണ്ട് , മെയിൻ്റനൻസ് ഗ്രാൻ്റ് എന്നിവ ചെലവഴിക്കാത്തത് ഫണ്ട് നഷ്ടമാവുന്നതിന് കാരണമായി.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻ്റെ വിവരം

2023 ജനുവരി മാസത്തെ ഓഡിറ്റാണ് പെർഫോമൻസ് ഓഡിറ്റ് അവസാനമായി നടത്തിയത്. ഈ റിപ്പോർട്ട് പ്രകാരം ഖണ്ഡികകൾ ഒന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.
2005-06 മുതൽ 2009-10 വരെയുള്ള കാലയളവിലെ ഓഡിറ്റ്, അക്കൗണ്ടൻ്റ് ജനറൽ 03-04-2010 മുതൽ 17.04.2010 വരെയുള്ള തിയ്യതികളിലായി നടത്തിയിട്ടുണ്ട്. ഗുരുതരമായ പരാമർശങ്ങളൊന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 1-11 വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച്

(എ) 2023-2024 വർഷത്തെ വാർഷിക ധനകാര്യപത്രിക B-15 (Sundry Debtors) പ്രകാരം ഈടാക്കാനുള്ള വസ്തുനികുതി കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷകുടിശ്ശിക- 813145 രൂപ

അരിയർ - 187347 രൂപ

നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷകുടിശ്ശിക -246699രൂപ

ആകെ കുടിശ്ശിക- 53115 രൂപ

ആകെ - 1300306

കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

(ബി) മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ നിലവിലെ ഡാറ്റാ എൻട്രി പ്രകാരം പഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. മൊബൈൽ ടവറുകളിൽ നികുതി കുടിശ്ശിക വരുത്തിയ ടവറിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | 2023-24 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | **3/576** | Essar Telecom Infrastructure Pvt. Ltd. | 2023-24 (3938 +197= 4135/-) 4135 X 2 = 8270 | 8270 /- രൂപ |

(സി) ഓഫീസ് ആവശ്യത്തിനുള്ളവ/വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ ഗണത്തിലെ താഴെപറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | 2023-24 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | **2/683** | Muhammeduppa | 2023-24 (അർദ്ധ വർഷം 2861 + 144 = 3005) 3005 X 2 = 6010/- രൂപ | 6010 /- രൂപ |

(ഡി) അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണമണ്ഡപം, ഓഡിറ്റോറിയം ഗണത്തിലെ താഴെപറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് / കെട്ടിട നമ്പർ | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | 2023-24 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | **15/147 A** | അബ്ദുൾ റഹിമാൻ, ചാത്തംകുളം | 2023-24 (അർദ്ധ വർഷം 4653+233 = 4886/- രൂപ) 4886x2=9772 | 9772 /- രൂപ |

(ഡി) വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ് ഗണത്തിലെ താഴെപറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് / കെട്ടിട നമ്പർ | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | 2023-24 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | **9/320** | രാജേന്ദ്രൻ, പാലംകുന്നത്ത് | 2023-24 (അർദ്ധ വർഷം 296+15 = 311) 311 X 2 = 622/- രൂപ | 622 /- രൂപ |
| 2 | **12/482** | അലിപ്പു, കരിമ്പത്ത് | 2023-24 (അർദ്ധ വർഷം 1207+61 = 1268/- രൂപ) 1268x2=2536 | 2536/- രൂപ |
| 3 | **14/591** | ദേവയാനി, പണിക്കത്തൊടി | 2023-24 (അർദ്ധ വർഷം 1169+59 = 1228/- രൂപ) 1228x2=2456 | 2456 /- രൂപ |

| | | | | |
|---|---|---|---|---|
| 4 | **16/419** | മുഹമ്മദ് ഹാജി, ചെറുവാശ്ശേരി, പള്ളിയിൽ | 2023-24 (അർദ്ധ വർഷം 1687+85 = 1772/- രൂപ) 1772x2=3544 | 3544 /- രൂപ |
| 5 | **16/449** | അസ്സനാർ, കടുമുടിയിൽ | 2023-24 (അർദ്ധ വർഷം 1894+95 = 1989/- രൂപ) 1989x2=3978 | 3978 /- രൂപ |

വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 7/19-08-2024 ന് നൽകിയ മറുപടിയിൽ (എ) 2023-24 സാമ്പത്തിക വർഷത്തിലെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വാർഡ് ക്ലാർക്കുമാരെ ചുമതലപ്പെടുത്തുകയും നോട്ടീസ്, ഫോൺ കാൾ, എസ്.എം.എസ് എന്നിവ മുഖേന കെട്ടിട ഉടമസ്ഥരെ അറിയിച്ചു നികുതി കുടിശ്ശിക ഈടാക്കി വരുന്നതായും അറിയിച്ചിട്ടുണ്ട്.

(ബി) 3/576 നമ്പർ മൊബൈൽ ടവർ പൊളിച്ചു നീക്കിയെന്ന് കാണിച്ച് അപേക്ഷ ലഭ്യമാക്കിയതായും, പ്രസ്തുത ടവർ പൊളിച്ചു നീക്കിയെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ 2023-24 സാമ്പത്തിക വർഷത്തിലെ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും ആയത് അടവാക്കിയ ശേഷം അസ്സസ്സ്മെന്റ് രേഖകളിൽ നിന്നും നീക്കം ചെയ്യുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്.

(സി) 2/683 നമ്പർ കെട്ടിടത്തിന്റെ ആകെ നികുതി തുക, പലിശ, ഡിമാന്റ് നോട്ടീസ് ഫീ എന്നിവ സഹിതം 6486/- രൂപ അടവാക്കുന്നതിന് കെട്ടിട ഉടമക്ക്

ഫോറം 9 നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഡി) 15/147-A നമ്പർ കെട്ടിടത്തിന്റെ ആകെ നികുതി തുക, പലിശ, ഡിമാന്റ് നോട്ടീസ് ഫീ എന്നിവ സഹിതം 10536/- രൂപ അടവാക്കുന്നതിന് കെട്ടിട ഉടമക്ക് ഫോറം 9 നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഇ) 1 - 9/320നമ്പർ കെട്ടിടത്തിന്റെ ആകെ നികുതി തുക, പലിശ, ഡിമാന്റ് നോട്ടീസ് ഫീ എന്നിവ സഹിതം 690/- രൂപ അടവാക്കുന്നതിന് കെട്ടിട ഉടമക്ക് ഫോറം 9 നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഇ) 2 - 12/482 നമ്പർ കെട്ടിടത്തിന്റെ ആകെ നികുതി തുക, പലിശ, ഡിമാന്റ് നോട്ടീസ് ഫീ എന്നിവ സഹിതം 2748/- രൂപ അടവാക്കുന്നതിന് കെട്ടിട ഉടമക്ക് ഫോറം 9 നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഇ) 3 - 14/591 നമ്പർ കെട്ടിടത്തിന്റെ ആകെ നികുതി തുക, പലിശ, ഡിമാന്റ് നോട്ടീസ് ഫീ എന്നിവ സഹിതം 2663/- രൂപ അടവാക്കുന്നതിന് കെട്ടിട ഉടമക്ക് ഫോറം 9 നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഇ) 4 - 16/419നമ്പർ കെട്ടിടത്തിന്റെ ആകെ നികുതി തുക, പലിശ, ഡിമാന്റ് നോട്ടീസ് ഫീ എന്നിവ സഹിതം 3883/- രൂപ അടവാക്കുന്നതിന് കെട്ടിട ഉടമക്ക് ഫോറം 9 നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഇ) 5 - 16/449നമ്പർ കെട്ടിടത്തിന്റെ ആകെ നികുതി തുക, പലിശ, ഡിമാന്റ് നോട്ടീസ് ഫീ എന്നിവ സഹിതം 4294/- രൂപ അടവാക്കുന്നതിന് കെട്ടിട ഉടമക്ക് ഫോറം 9 നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച്

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ആക്ടിലൂടെ 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്യാവുന്നതാണ്. 2023-24 സാമ്പത്തിക വർഷത്തിലും തുടർന്നും നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തു ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 8/19-08-2024 ന് നൽകിയ മറുപടിയിൽ

നെല്ലായ ഗ്രാമപഞ്ചായത്ത് പരിധിയിൽ രണ്ട് അൺ എയിഡഡ് സ്കൂളുകൾ ഉള്ളതിൽ 11/396-A നമ്പർ കെട്ടിടം നികുതി അടവാക്കി വരുന്നതായും, 10/24,25 എന്നീ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിഷ്കരണം

1.സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുകയും ഡാറ്റാ പ്യൂരിഫിക്കേഷനിൽ അപാകതകൾ പൂർണ്ണമായും പരിഹരിക്കുകയും ചെയ്തതിന്റേയും,

2.എത്ര കെട്ടിടങ്ങളുടെ 9ബി ഫോറങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നതിന്റേയും,

3. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും 2023 ലെ വസ്തുനികുതി പരിഷ്ക്കരണത്തിനുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നതിന്റേയും,

4.കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് ഭേദഗതി പ്രകാരമുള്ള സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ടോ എന്നതിന്റേയും വിവരങ്ങൾ ലഭ്യമാക്കാനായി നൽകിയ

ഓഡിറ്റ് അന്വേഷണം : 9/19-08-2024 ന് നൽകിയ മറുപടിയിൽ (1) സോഫ്റ്റ് വെയർ അപ്ഡേഷനും ഡാറ്റാ പ്യൂരിഫിക്കേഷൻ അപാകതകളും പരിഹരിച്ചതായും, (2) 274 കെട്ടിടങ്ങളുടെ ഫോറം 9 ലഭിച്ചതായും, കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ് ഈടാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനം കൈകൊണ്ടിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 16 കടമുറികളിൽ 15 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ട്. റൂം നമ്പർ (9/118) ഉപയോഗ ശൂന്യമായതിനാൽ ഒഴിഞ്ഞു കിടക്കുന്നു.

(എ) റൂം നമ്പർ (9/117) ലെ വാടകക്കാരൻ ശ്രീ. കെ. സുരേഷിൽ നിന്നും 2023-24 സാമ്പത്തിക വർഷം വാടക ഈടാക്കിയിട്ടില്ല.

വാടക പ്രതിമാസം 1151 + 104(CGST)+104(SGST) = 1359

1359 X 12 = 16308 + ഫൈൻ

(ബി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കിയിട്ടുണ്ടോ എന്നിവ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 10/19-08-2024 ന് നൽകിയ മറുപടിയിൽ (എ) റൂം നമ്പർ 9/117 ലെ വാടകക്കാരൻ ശ്രീ. കെ. സുരേഷിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിലെ വാടക 19-06-2024 ൽ രശീത് നമ്പർ 1240201357 പ്രകാരം വാടക – 13812/- രൂപയും, SGST – 1243/- രൂപയും, CGST – 1243/- രൂപയും, പിഴ 1346/- രൂപയും ആകെ 17644/- രൂപ ഈടാക്കിയിട്ടിട്ടുണ്ട്. (ടി രശീത് ഓഡിറ്റ് സമയത്ത് പരിശോധിച്ച് ബോധ്യപ്പെട്ടു)

(ബി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കിയിട്ടില്ലെന്നും, തയ്യാറാക്കാനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-15 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

(എ) തൊഴിൽ നികുതി - ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവില്ലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് ഓരോ സാമ്പത്തിക വർഷവും കാലികമാക്കേണ്ടതുമാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ പേര് | കാലയളവ് |
|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ് | മാരായമംഗലം | രണ്ടാം അർദ്ധ വർഷം |
| 2 | ഗ്രാമപഞ്ചായത്ത് | പ്രേരക്, (രഞ്ജിത, ബേബി. എ) | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | കള്ള് ഷോപ്പ് (നമ്പർ. 38) | അയ്യപ്പൻ, ദിനേഷ് ബാബു, സുഭേഷ്, വി. ചന്ദ്രൻ, കൃഷ്ണദാസ് | ഒന്നാം അർദ്ധ വർഷം |
| 4 | കള്ള് ഷോപ്പ് (നമ്പർ. 38) | അയ്യപ്പൻ, സുഭേഷ്, വി. ചന്ദ്രൻ, കൃഷ്ണദാസ് | രണ്ടാം അർദ്ധ വർഷം |
| 5 | കള്ള് ഷോപ്പ് (നമ്പർ. 39) | കെ. സുരേഷ്, രാമചന്ദ്രൻ, സുകുമാരൻ, | ഒന്നാം അർദ്ധ വർഷം |

| | | | |
|---|---|---|---|
| 6 | കള്ള് ഷോപ്പ് (നമ്പർ. 65) | പവിത്രൻ, ബാലകൃഷ്ണൻ, മണികണ്ഠൻ, | ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | കള്ള് ഷോപ്പ് (നമ്പർ. 65) | ഗോപിനാഥൻ | രണ്ടാം അർദ്ധ വർഷം |

(സി) പൊതു വിതരണ സമ്പ്രദായത്തിനു കീഴിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് പരിധിയിലെ റേഷൻ കട നടത്തിപ്പുകാർ, ജീവനക്കാർ എന്നിവരിൽ നിന്നും, ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഡി) പഞ്ചായത്തിലെ താഴെ പറയുന്ന അംഗീകൃത കരാറുകാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. അൻസാർ സാദിഖ്
2. രാജേഷ്. പി.
3. മുഹമ്മദാലി. പി.

തൊഴിൽ നികുതി ഈടാക്കേണ്ടതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 5/19-08-2024 ന് നൽകിയ മറുപടിയിൽ

(എ) തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടേയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക്സ് ഡാറ്റാ ബേസ് ഉടനടി തയ്യാറാക്കുന്നതും ഓരോ സാമ്പത്തിക വർഷവും കാലികമാക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) മാരായമംഗലം പോസ്റ്റ് ഓഫീസ്, പ്രേരക്മാരായ രഞ്ജിത, ബേബി എന്നിവർക്കും, കള്ള് ഷോപ്പ് നമ്പർ 38, 39, 65 എന്നീ സ്ഥാപനങ്ങൾക്കും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിന് കത്ത് നൽകിയതായും, തുക അടവാക്കി രശീതി പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് പരിധിയിലെ റേഷൻ കട നടത്തിപ്പുകാർ ജീവനക്കാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) അംഗീകൃത കരാറുകാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയതായും, തുക അടവാക്കി രശീതി പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കി രശീത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2023-24 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സഞ്ചയയിലെ ഡാറ്റ പ്രകാരം 1802 വാണിജ്യാവശ്യത്തിനായുള്ള സ്ഥാപനങ്ങൾ ഉണ്ടെങ്കിലും, രജിസ്റ്റർ പ്രകാരം 281 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു. ഇതിൽ നിന്നും പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ വരികയോ, ലൈസൻസ് എടുക്കുകയോ ചെയ്യിട്ടില്ല എന്ന് വ്യക്തമാകുന്നു. എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനുമതി കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും, വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ കാല